ചെയർമാൻ എന്ന നിലയിലും ജോലി ചെയ്യുവരുന്നു. പൊതുഭരണ വകുപ്പിൽനിന്ന് സ്പെഷ്യൽ സെക്രട്ടറി തസ്തികയിൽനിന്നും വിരമിച്ച ശ്രീ. കെ. ബി. സന്തോഷ് കുമാറിന് കേരളാ സ്റ്റേറ്റ് യൂത്ത് കമ്മീഷൻ സെക്രട്ടറിയായി പുനർനിയമനം നൽകിയിട്ടുണ്ട്. ഈ വകുപ്പിൽ ശ്രീമതി എസ്. വസന്തകുമാരി സർവ്വീസിൽനിന്നും വിരമിച്ച ശേഷവും ഗാർഡൻ സൂപ്പർവൈസർ തസ്തികയിൽ സേവന മനുഷ്ഠിച്ചുവരുന്നുണ്ട്. സെക്രട്ടേറിയറ്റിലെ മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരവും മറ്റ് സ്ഥാപനങ്ങളിലെ ഇത്തരം പുനർ നിയമനത്തെ സംബന്ധിച്ച വിവരവും ശേഖരിച്ചുവരുന്നു.

(ബി&സി) പൊതുഭരണ വകുപ്പിന് കീഴിൽ ആർക്കും പല തവണ സേവന കാലാവധി നീട്ടികൊടുത്ത് പുനർ നിയമനം നൽകിയിട്ടില്ല. മറ്റ് വകുപ്പുകളുടെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

മത-സാമുദായിക സംഘടനകളുമായി ബന്ധപ്പെട്ട കമ്മിറ്റികളിലെ അംഗത്വം

3 (3634) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത, സാമുദായിക, രാഷ്ട്രീയ, ചാരിറ്റബിൾ സംഘടനകളുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ സർക്കാർ, പൊതുമേഖലാ, എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അംഗമാകുന്നതിനോ ഭാരവാഹിയാകുന്നതിനോ വിലക്കുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; കോപ്പി ലഭ്യമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ, ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സംഘടനകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നകാര്യം പരിഗണനയിലുണ്ടോ ?

<u>ഉത്തരം</u>

(എ) 7-8-2014-ലെ G.O.(P)27/14/P&ARD. പ്രകാരം കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960 ബാധകമായ എല്ലാ സർക്കാർ ജീവനക്കാർക്കും മത/സാമുദായിക സംഘടനകളുടെ ഭാരവാഹിത്വം വഹിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില ജാതി/സാമുദായിക സംഘടനകൾ അപേക്ഷ സമർപ്പിച്ചിരുന്നു.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പി.എസ്.സി. ചെയർമാനും അംഗങ്ങളും യാത്രക്കൂലിയിനത്തിൽ വരുത്തിയ വർദ്ധനവ്

4 (3635) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. ചെയർമാനും അംഗങ്ങളും യാത്രക്കൂലിയിനത്തിൽ വൻവർദ്ധനവു വരുത്തി സ്വയം പുതുക്കി തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെയോ, ധനകാര്യ വകുപ്പിന്റെയോ അനുമതി വാങ്ങാതെ എത്ര തുക യാത്രക്കൂലിയിനത്തിൽ പുതുക്കി നിശ്ചയിച്ചു ; നിലവിൽ പി.എസ്.സി. ചെയർമാനും അംഗങ്ങൾക്കും യാത്രക്കൂലി കിലോമീറ്ററിന് എത്ര രൂപയായിരുന്നു; ആയത് എത്രകണ്ട് വർദ്ധിപ്പിച്ചു ; നിലവിലെ നിരക്കിൽനിന്നും എത്ര ശതമാനം കൂടുതൽ വർദ്ധനവ് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം യാത്രക്കൂലിയിനത്തിൽ വരുത്തിയ വൻവർദ്ധനവു കൈപ്പറ്റുവാൻ ഇവർ അക്കൗണ്ടന്റ് ജനറലിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തികപ്രതിസന്ധി രൂക്ഷമായ ഈ സമയത്ത് യാത്രക്കൂലിയിനത്തിൽ നിലവിലെ തുകയേക്കാൾ വൻവർദ്ധനവു വരുത്തിയ ഇവരുടെ ഈ നടപടി ശരിയാണോയെന്ന് പരിശോധിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി. ചെയർമാൻമാർപ്പെടെ നിലവിലെ അംഗങ്ങൾ യാത്രക്കൂലിയിനത്തിൽ നാളിതുവരെ കൈപ്പറ്റിയ ആകെ തുക എത്ര ; ഇവർ ഓരോരുത്തരും വർഷാവർഷം നാളിതുവരെ വാങ്ങിയ യാത്രക്കൂലിത്തുക എത്രയെന്നു തരംതിരിച്ചു വ്യക്തമാക്കുമോ ;

(എഫ്) മുഖ്യമന്ത്രി, ധനകാര്യ വകുപ്പ്, അക്കൗണ്ടന്റ് ജനറൽ തുടങ്ങിയവരുടെ അനുമതിയോ, കത്തിടപാടുകളോ നടത്താതെ പി.എസ്.സി. ചെയർമാൻമാർപ്പെടെയുള്ള അംഗങ്ങളുടെ യാത്രക്കൂലി സ്വയം പുതുക്കിനിശ്ചയിച്ച് വൻവർദ്ധനവു വരുത്തിയ നടപടി റദ്ദുചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly